**File No.NREGA/41/2022-B1**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline),ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala@gmail.com

No. NREGA/41/2022-B1 തിയതി : 08/12/2022

## സർക്കുലർ

സർ,

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) - വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യങ്ങൾ നൽകുന്ന സാഹചര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ - സംബന്ധിച്ച്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിരവധി വ്യക്തിഗത ആനുകൂല്യങ്ങൾ നിലവിൽ ഏറ്റെടുത്ത് നിർമ്മിച്ച് വരുന്നുണ്ട്. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം വ്യക്തിഗത ആസ്തികളുടെ നിർമ്മാണം ഗുണഭോക്താക്കൾക്ക് നേരിട്ട് നടത്തുന്നതിന് അനുവാദമുള്ളതാണ്. എസ്റ്റിമേറ്റ് അടിസ്ഥാനമാക്കി വ്യക്തിഗത ഗുണഭോക്താക്കൾ നിർമ്മിക്കുന്ന ആസ്തികൾക്കുള്ള മെറ്റീരിയലുകളുടെ തുക ഗുണഭോക്താക്കൾ ഹാജരാക്കുന്ന ജി.എസ്.ടി ബില്ലുകളുടെ അടിസ്ഥാനത്തിൽ അവരുടെ ആക്കൌണ്ടിലേയ്ക്ക് നൽകുന്നതാണ്. ഇപ്രകാരം നിർവ്വഹണം നടത്തുന്ന സാഹചര്യത്തിൽ ടി ഗുണഭോക്താക്കൾക്ക് പദ്ധതി സംബന്ധിച്ച വ്യക്തമായ അറിവ് ഇല്ലാത്തത് പദ്ധതി നിർവ്വഹണത്തെയും ഗുണഭോക്താക്കളെയും സാരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സാഹചര്യത്തിൽ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന സാഹചര്യത്തിൽ ചുവടെപ്പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

### ഗുണഭോക്തൃ സംഗമം

വ്യക്തിഗത ആനുകൂല്യത്തിന് അർഹരായ മുഴുവൻ ഗുണഭോക്താക്കളെയും വിളിച്ച് ചേർത്ത് ഗ്രാമപഞ്ചായത്തുതലത്തിൽ ഗുണഭോക്തൃ സംഗമം സംഘടിപ്പിക്കേണ്ടതാണ്. പ്രസ്തുത ഗുണഭോക്തൃ സംഗമത്തിൽ വച്ച് തൊഴിലുറപ്പ് പദ്ധതിയെ സംബന്ധിച്ചും, വ്യക്തിഗത ആസ്തികളുടെ നിർമ്മാണത്തിൽ ഗുണഭോക്താക്കൾ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ചും, ബില്ലുകൾ ഹാജരാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ

**File No.NREGA/41/2022-B1**

സംബന്ധിച്ചും വിശദീകരിക്കേണ്ടതാണ്.

**ജനകീയ എസ്റ്റിമേറ്റ്**

വ്യക്തിഗത ആസ്തി നിർമ്മാണം സംബന്ധിച്ച ജനകീയ എസ്റ്റിമേറ്റ് നിർബന്ധമായും തയ്യാറാക്കിയിരിക്കേണ്ടതും ആയതിൻറെ പകർപ്പ് ഗുണഭോക്താക്കൾക്ക് നൽകിയിരിക്കേണ്ടതുമാണ്. സെക്യൂറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റ്-നെ അപ്രകാരം മലയാളത്തിലേയ്ക്ക് മാറ്റുന്ന അവസരത്തിൽ എസ്റ്റിമേറ്റ് വിവരങ്ങൾ അതുപോലെ തന്നെ മലയാളത്തിൽ മാറ്റാതെ സാധാരണക്കാർക്ക് മനസ്സിലാകുന്ന ഭാഷയിലും രീതിയിലും ആയിരിക്കേണ്ടതാണ്.

**വർക്ക് ഓർഡർ**

ഓരോ പ്രവൃത്തിയുടെയും ആരംഭത്തിന് മുൻപായി ഗുണഭോക്താക്കൾക്ക് വർക്ക് ഓർഡർ നിശ്ചിത മാതൃകയിൽ (അനുബന്ധം -1) നൽകേണ്ടതാണ്.

**പ്രവൃത്തി മേൽനോട്ടം**

വ്യക്തിഗത ആസ്തികളുടെ നിർമ്മാണത്തിൻറെ മേൽനോട്ടം കൃത്യമായി ഗ്രാമപഞ്ചായത്ത് ഓവർസീയർ/എഞ്ചിനീയർ നടത്തേണ്ടതാണ്. ഗുണഭോക്താക്കൾ എസ്റ്റിമേറ്റ് പ്രകാരമാണോ നിർവ്വഹണം നടത്തുന്നതെന്നത് സംബന്ധിച്ചും, ഉപയോഗിക്കുന്ന സാധനസാമഗ്രികൾ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടത് ആണോ എന്നും ഉറപ്പ് വരുത്തി ആവശ്യമായ ഉപദേശ നിർദേശങ്ങൾ ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണ്.

**കരാർ**

വ്യക്തിഗത ആനുകൂല്യം ലഭ്യമാകുന്ന ഗുണഭോക്താവും ഗ്രാമപഞ്ചായത്തും തമ്മിൽ കരാറിൽ ഏർപ്പെടേണ്ടതാണ്. കരാറിൻറെ മാതൃക അനുബന്ധം- 2 ആയി ചേർത്തിരിക്കുന്നു. 20,000/- (ഇരുപതിനായിരം രൂപ) രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് വരുന്ന ആസ്തികൾ ലഭ്യമാകുന്ന അവസരത്തിൽ 200/- രൂപ (ഇരുനൂറ് രൂപ) യുടെ മുദ്രപത്രത്തിൽ ഗുണഭോക്താവും പഞ്ചായത്തുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. ഇതിൽ കുറവുള്ള തുകയ്ക്കുള്ള എസ്റ്റിമേറ്റ് ആണെങ്കിൽ വെള്ള പേപ്പറിൽ കരാറിൽ ഏർപ്പെടേണ്ടതാണ്.

MISSION DIRECTOR

പകർപ്പ് :- എല്ലാ ജോയിൻറ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും

**File No.NREGA/41/2022-B1**

ഉള്ളടക്കം: അനുബന്ധം 1 & 2

**അനുബന്ധം -1**

**വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള വർക്ക് ഓർഡർ**

**പ്രേഷകൻ**

ഗ്രാമപഞ്ചായത്ത് സെക്രട്ടറി

...................... ഗ്രാമപഞ്ചായത്ത്

**സ്വീകർത്താവ്**

ശ്രീ/ ശ്രീമതി...............

ജോബ് കാർഡ് നമ്പർ.........

വാർഡ്...................

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി താങ്കൾക്ക് വ്യക്തിഗത ആനുകൂല്യമായി.................(ആസ്തിയുടെ വിവരം) അനുവദിച്ചിട്ടുണ്ട്. ഇതിൻറെ നിർമ്മാണം ഗ്രാമപഞ്ചായത്ത് തയ്യാറാക്കി അംഗീകരിച്ചിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം നിർവ്വഹണം നടത്തേണ്ടതാണ്. ടി പ്രവൃത്തിയുടെ നിർവ്വഹണത്തിനായി താഴെപ്പറയുന്ന ഘടകങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**തൊഴിൽ ഘടകം സംബന്ധിച്ച വിവരങ്ങൾ**

| ഇനം | എണ്ണം |
|---|---|
| അവിദഗ്ദ്ധ തൊഴിൽദിനങ്ങൾ (തൊഴിലുറപ്പ് തൊഴിലാളികൾ മുഖേന) | |
| അർദ്ധവിദഗ്ദ്ധ തൊഴിൽദിനങ്ങൾ | |
| വിദഗ്ദ്ധ തൊഴിൽദിനങ്ങൾ | |

**സാധനസാമഗ്രികളുടെ വിവരങ്ങൾ**

| ഇനം | അളവ് |
|---|---|
| സിമന്റ് | |
| M sand | |

**File No.NREGA/41/2022-B1**

| | |
|---|---|
| ..... | |
| ...... | |
| ..... | |

- സാധനസാമഗ്രികൾ ഗുണഭോക്താക്കൾ നേരിട്ട് വാങ്ങുന്ന സാഹചര്യത്തിൽ സാധനസാമഗ്രികൾക്കുള്ള യഥാർത്ഥ ജി.എസ്.ടി ബില്ലുകൾ ഗ്രാമപഞ്ചായത്തിൽ നൽകേണ്ടതാണ്.
- എസ്റ്റിമേറ്റ് പ്രകാരമാകണം പ്രവൃത്തി നടത്തേണ്ടത്. എസ്റ്റിമേറ്റ് പ്രകാരമുള്ള ഏതെങ്കിലും ഘടകം ചെയ്യിട്ടില്ലാത്ത പക്ഷം നടന്ന പ്രവൃത്തികൾക്കുള്ള സാധനസാമഗ്രികളുടെ ബില്ലുകൾ മാത്രമേ അംഗീകരിക്കുകയുള്ളു.എസ്റ്റിമേറ്റിൽ പറഞ്ഞിട്ടില്ലാത്ത പ്രവൃത്തികൾ ചെയ്യുകയോ സാധനസാമഗ്രികൾ ഉപയോഗിക്കുകയോ ചെയ്താൽ ആ തുക ലഭിക്കുന്നതല്ല.
- അനവദിക്കപ്പെട്ടിട്ടുള്ളതിൽ കൂടുതൽ സാധനസാമഗ്രികൾക്കുള്ള ബില്ലുകൾ സമർപ്പിച്ച എന്നിരുന്നാലും അനവദിക്കപ്പെട്ടിട്ടുള്ള സാധനങ്ങൾക്കുള്ള തുക മാത്രമേ ലഭിക്കുകയുള്ളു.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി

**അനുബന്ധം –2**

<u>**കരാർ പത്രം**</u>

രണ്ടായിരത്തി............................ മാണ്ട് ..............................മാസം........................... തീയതി ശ്രീ/ ശ്രീമതി................ (പേര്) ................ (വിലാസം)......................... (തൊഴിൽകാർഡ് നമ്പർ) തൊഴിൽ..........................(ഗുണഭോക്താവിന്റെ തൊഴിൽ ) ; ഒന്നാം കക്ഷിയായും .......................... ഗ്രാമപഞ്ചായത്ത് സെക്രട്ടറി/ അസി: സെക്രട്ടറി രണ്ടാം കക്ഷിയായും എഴുതി ചേർത്തിട്ടുള്ള കരാർ പത്രം.

ഒന്നാം കക്ഷിയായ ശ്രീ.............................., ...................... ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭാ ഗുണഭോക്തൃ പട്ടികയിൽ (വിവരങ്ങൾ) ഉൾപ്പെട്ടിട്ടുള്ള വ്യക്തിയാണ്. ഒന്നാം കക്ഷിക്ക് ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം

**File No.NREGA/41/2022-B1**

.................. (ആസ്തിയുടെ പേര്) അനുവദിച്ചിട്ടുള്ളതാണ്. ടി ആസ്തിയുടെ നിർമ്മാണം ഒന്നാംകക്ഷി തൊഴിലുറപ്പ് പദ്ധതി മാനദണ്ഡങ്ങൾ പാലിച്ച് നിർവ്വഹിക്കുന്നതാണ് എന്ന് ഉറപ്പ് നൽകുന്നു. പ്രസ്തുത ആസ്തിയുടെ നിർമ്മാണം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി നൽകുന്ന എസ്റ്റിമേറ്റ് പ്രകാരം ഒന്നാംകക്ഷി നിർവ്വഹിക്കുന്നതാണ്. എസ്റ്റിമേറ്റിലെ വിവരങ്ങളും ഉപയോഗിക്കാൻ കഴിയുന്ന സാധനസാമഗ്രികളുടെ വിവരങ്ങളും, ലഭ്യമാകുന്ന അവിദഗ്ധ, വിദഗ്ധ, അർദ്ധ വിദഗ്ധ തൊഴിൽദിനങ്ങൾ സംബന്ധിച്ചും രണ്ടാം കക്ഷി ഒന്നാം കക്ഷിയെ അറിയിച്ചിട്ടുള്ളതാണ്. ഒന്നാംകക്ഷി രണ്ടാം കക്ഷി ചുമതലപ്പെടുത്തുന്ന എഞ്ചിനീയർ/ ഓവർസീയർ-മാരുടെ മേൽനോട്ടത്തിലും നിർദ്ദേശത്തിൻറെയും അടിസ്ഥാനത്തിൽ 6 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം വാങ്ങിയ സാധനസാമഗ്രികൾക്കുള്ള യഥാർത്ഥ ജി.എസ്.ടി ബില്ലുകൾ ഒന്നാംകക്ഷി രണ്ടാം കക്ഷിക്ക് നൽകുന്നതാണ്. രണ്ടാം കക്ഷി ഫണ്ടിൻറെ ലഭ്യതയും മുൻഗണനാക്രമവും പാലിച്ച് ഒന്നാംകക്ഷിക്ക് അനുവദനീയമായ തുക അനുവദിച്ച് നൽകുന്നതാണ്. ഒന്നാം കക്ഷി ടിയാൾക്ക് ലഭ്യമായ ആസ്തി ആയത് ഏത് ആവശ്യത്തിലേയ്ക്ക് ലഭ്യമായോ ആയതിന് മാത്രം ഉപയോഗിക്കേണ്ടതും, പ്രസ്തുത ആസ്തിയുടെ അറ്റകുറ്റപ്പണികൾ. സംരക്ഷണം എന്നിവ സ്വയം ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതുമാണ്. ലഭ്യമായ ആസ്തി ഏതെങ്കിലും തരത്തിൽ ഒന്നാംകക്ഷി ദുരുപയോഗം ചെയ്യുന്നതിനായി ശ്രദ്ധയിൽപ്പെട്ടാൽ മുടക്കിയ തുക ഒന്നാംകക്ഷിയിൽ നിന്നും തിരികെ ഈടാക്കുമ്പോൾ നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് രണ്ടാം കക്ഷിയ്ക്ക് അവകാശമുണ്ടായിരിക്കും.

1. പേര്...............................(ഒന്നാംകക്ഷി)
2. പേര്...............................(രണ്ടാംകക്ഷി)

സാക്ഷികൾ : 1..............................

2..............................